# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL 1968-2018 GOLDEN JUBILEE

REACHING NATIONS

*India's National Spiritual Newspaper*

₹ 10/-

**Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN**

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | APRIL 2023 | No. 6


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 113:1-9**

01. യഹോവയെ സ്തുതിപ്പിൻ; യഹോവയുടെ ദാസന്മാരേ സ്തുതിപ്പിൻ; യഹോവയുടെ നാമത്തെ സ്തുതിപ്പിൻ.

02. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ; ഇന്നുമുതൽ എന്നേക്കും തന്നേ.

03. സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ.

04. യഹോവ സകല ജാതികൾക്കും മീതെയും അവന്റെ മഹത്വം ആകാശത്തിന്നു മീതെയും ഉയർന്നിരിക്കുന്നു.

05. ഉന്നതത്തിൽ അധിവസിക്കുന്നവനായി നമ്മുടെ യഹോവയ്ക്കു സദൃശ്യൻ ആരുള്ളു?

06. ആകാശത്തിലും ഭൂമിയിലും ഉള്ളവ അവൻ കുനിഞ്ഞു നോക്കുന്നു.

07. അവൻ എളിയവനെ പൊടിയിൽനിന്നു എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തുകയും ചെയ്തു;

08. പ്രഭുക്കന്മാരോടുകൂടെ, തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ തന്നേ ഇരുത്തുന്നു.

09. അവൻ വീട്ടിൽ മച്ചിയായവളെ മക്കളുടെ അമ്മയായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു. യഹോവയെ സ്തുതിപ്പിൻ.

# യഥാർത്ഥ ഉണർവ്വ്!

## REAL REVIVAL!

### പാസ്റ്റർ സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം

ക്രിസ്തീയ മേഖലകളിൽ സാധാരണയായി കേൾക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വാക്കാണ് "ഉണർവ്വ്". ഞാൻ ഈ വാക്കിന്റെ അർത്ഥവ്യാപ്തി അറിയുവാനായി വേദപുസ്തകം മുഴുവനും വായിച്ചു നോക്കി. പക്ഷെ ഉണർവ്വ് എന്ന വാക്കു മാത്രം കാണുവാൻ സാധിച്ചില്ല. ഉണർവ്വ് എന്ന വാക്കിന്റെ പഠനം തന്നെ വലിയൊരു ജ്ഞാനം ആണ്. ഇന്ത്യയിൽ ആത്മീയ യോഗങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ പൊതുവായി പറയുന്നത് സുവിശേഷയോഗങ്ങൾ, ഉണർവ്വുയോഗങ്ങൾ എന്നൊക്കെയാണ്. ചില രാജ്യങ്ങളിൽ ഈ യോഗങ്ങളെ ഉണർവ്വു യോഗങ്ങൾ എന്നു മാത്രം വിളിക്കുന്നു. ഈ സന്ദേശത്തിലൂടെ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കാൻ ആഗ്രഹിക്കുന്നത് "പിന്മഴ" എന്നതിനെക്കുറിച്ചാണ്. ഇത് വലിയ ഒരു ആത്മീയ ഉണർവ്വിനെയോ ആത്മീയ നവോത്ഥാനത്തെയോ ആണ് സൂചിപ്പിക്കുന്നത്.

"ഉണർവ്വ്" എന്ന പദം ലാറ്റിൻ ഭാഷയിൽ നിന്നും എടുത്തതാണെന്ന് മനസ്സിലാക്കുന്നു. ഇംഗ്ലീഷിൽ അതിന്റെ അർത്ഥം "പുനർജീവിപ്പിക്കൽ" എന്നാണ്. "വിവോ" എന്നാൽ "ജീവൻ നൽകിയത്" എന്നാണ്. മരണത്തിന്റെ പിടിയിൽ നിന്നും ആരോ വിടുതൽ നൽകുന്നു എന്ന് സാരം. മരിച്ചവനെ ഉയിർപ്പിക്കുക എന്നല്ല, മറിച്ച്, സ്തംഭനാവസ്ഥയിൽ ആയ വ്യക്തിയെ പുനർ ജീവിപ്പിക്കുക എന്നാണ്. ഹൃദയാഘാതം വരുമ്പോൾ ഒരു വ്യക്തിയുടെ ഹൃദയം നിലച്ചേക്കാം. പക്ഷെ അടിയന്തര ചികിത്സ ജീവിതത്തെ മടക്കി നൽകുന്നു. ജീവിതത്തിലെ

*3-ാം പേജിൽ തുടരും...*




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**


**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS




## from your dearly beloved brother...



**“ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും”**
**യെശയ്യാവ് 58:14**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

കർത്താവിൽ പ്രീയരേ,

അനേകം നല്ല കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകും! ധൈര്യത്തോടിരിപ്പിൻ!!

ലോകത്തിൽ സുവിശേഷം അതിവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ മാത്രം അതിനായി ഒന്നും ചെയ്യുന്നില്ല. അനേകം സഭകളും മറ്റു സംഘടനകളും ശുശ്രൂഷകരെ ലോകത്തിന്റെ പല ഭാഗങ്ങളിൽ അയച്ച് ദൈവീക സന്ദേശം അറിയിക്കുകയും പാപം, രോഗം, ദാരിദ്ര്യം എന്നിവ അകറ്റുവാൻ പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ സഭകൾക്കും, സംഘടനകൾ, ശുശ്രൂഷകർ എന്നിവർക്കായി നാം ശക്തിയോടെ പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. നമ്മളാൽ കഴിയുന്ന വിധത്തിൽ അവരെ പിന്തുണയ്ക്കുകയും വേണം. സഭകളുടെ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള എല്ലാത്തരം വിവേചനങ്ങളും മറക്കുകയും നശിപ്പിക്കുകയും ചെയ്തുകൊണ്ട് ഒരു സൈന്യമായി ഒരുമയോടെ ആയിരിക്കാം.

നെഹെമ്യ ബൈബിൾ കോളേജിലെ പഴയ വിദ്യാർത്ഥിയായ പാസ്റ്റർ ജെ. രാജാമണിയും അദ്ദേഹത്തിന്റെ ഭാര്യ പാസ്റ്റർ ആർ. വിമലും പാസ്റ്റർമാരായി സ്ഥിരീകരണം ലഭിച്ച് കഴിഞ്ഞ ജനുവരി 26-ന് പാലവേർകാട്ടിൽ പാസ്റ്റർമാരായി നിയമിതരായി. ആ ശുശ്രൂഷ അനുഗ്രഹപ്രദമായിരുന്നു. അവിടെ പണിത ആലയവും മിഷൻവീടും അനുഗ്രഹിക്കപ്പെടുവാനായി നമുക്ക് പ്രാർത്ഥിക്കാം. ഇന്ത്യൻ ഗ്രാമങ്ങളിലെഎല്ലാ ശുശ്രുഷകരും പള്ളികളും അഭിവൃദ്ധി പ്രാപിച്ച് മുന്നേറണം. 7,00,000 ത്തോളം ഗ്രാമങ്ങൾ ഇന്ത്യയിൽ ഉണ്ടെന്ന് നമുക്കറിയാം. സുവിശേഷം എത്താത്തവരിലേക്ക് ഏതുവിധേനയും സുവിശേഷം എത്തിക്കുവാൻ നാം ശ്രമിക്കണം.



*പുതിയ പള്ളിയുടെ പ്രതിഷ്ഠ*

### വിളിയുടെ പ്രതിധ്വനി കുടുംബത്തിന്റെ ഉത്തരവാദിത്തം

ജനങ്ങളെ നാശത്തിൽനിന്നു വീണ്ടെടുത്ത് നേരായ പാതയിൽ നയിക്കാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ദൈവദാസന്മാർ വളരെയധികം കഷ്ടതകൾ നേരിടുന്നു. ഇത്തരക്കാ



*വിളിയുടെ പ്രതിധ്വനി കുടുംബം*

CHIEF EDITOR
Angeline Selvakumari Henry, M.A., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
ADMINISTRATION
Bro. N. Prakasam, M.A., General Manager
EDITORIAL BOARD
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858
CORE LEADERS
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah
E.mail ID
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

Our Ministries: ◘ ECHO OF HIS CALL Monthly Magazines (16 languages) ◘ BIBLECOR - Postal Courses (3 languages) ◘ Media Ministry ◘ Online Courses ◘ Theological Correspondence Courses (2 languages) ◘ Church Planting ◘ Nehemiah Bible Colleges ◘ Gospel Printing Press ◘ Great Commission Partners ◘ St. Paul's Matriculation School ◘ Crusades ◘ Community Development



*Servant of God engaged in evangelism*

രുടെ അടിസ്ഥാന ആവശ്യങ്ങൾ നാം നിറവേറ്റേണ്ടതായിട്ടുണ്ട്. പിശാച് അവരെ ശാരീരികമായും ആത്മീയമായും ആക്രമിക്കുന്നു. നിങ്ങൾ അറിയുന്ന അങ്ങനെയുള്ള ദൈവദാസന്മാരുണ്ടെങ്കിൽ അവരെ ശാരീരികമായും സാമ്പത്തികമായും സഹായിക്കുവിൻ. സമ്പന്നരായ ദൈവദാസന്മാർ അവരുടെ വിളിയും ദർശനവും നഷ്ടപ്പെട്ട് ജീവിക്കുന്നു. അവർ ഇപ്പോൾ അവരുടെ സുഖസൗകര്യങ്ങൾ ഇരട്ടിപ്പിക്കുവാനും സ്വത്തുക്കൾ വാങ്ങിക്കൂട്ടുവാനും ബദ്ധപ്പെടുന്നു. ശുശ്രൂഷയുടെ പേരിൽ ആവശ്യമില്ലാതെ വലിയ കെട്ടിടങ്ങൾ പണിതുയർത്തുന്നു. അങ്ങനെ അവർ തങ്ങളുടെ വിളിയിൽ നിന്നും വേർതിരിഞ്ഞുപോകുന്നു. ഇങ്ങനെയുള്ളവരെ സഹായിക്കുന്നതു നിർത്തലാക്കി, ദൈവവേല ആത്മാർത്ഥമായി ചെയ്യുന്നവരെ സഹായിക്കുവിൻ. അങ്ങനെയുള്ളവരെ കണ്ടെത്തി അവരെ കരങ്ങളിൽ വഹിച്ചു പരിപാലിക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കോടിക്കണക്കിന് ആളുകൾ ക്രിസ്തുവിനെ കൂടാതെ നരകത്തിലേക്ക് പോകുന്നുണ്ട് എന്ന് പല ദൈവദാസന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ചിലർ കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് പ്രസംഗിക്കുകയും അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്ന് പ്രതീക്ഷിച്ചിരിക്കുകയും ചെയ്‌വാൻ ആഹ്വാനം ചെയ്യുന്നു. പക്ഷെ അവർ ദീർഘകാല പദ്ധതികൾ ഇടുകയും കോടികൾ മുതൽമുടക്കി കെട്ടിടങ്ങൾ നിർമ്മിക്കുകയും ദീർഘകാല സാമ്പത്തിക പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഇത് ആവശ്യമാണോ? ഇത് തന്ത്രപരമായ വഞ്ചനയല്ലേ? സഭാ നേതാക്കൾക്ക് ഇങ്ങനെയൊക്കെ ചെയ്യാമോ? ദയവായി ഇതിനെക്കുറിച്ച് ചിന്തിക്കുകയും ആത്മാക്കളെ നേടുവാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന പാവപ്പെട്ട ആത്മീയ നേതാക്കളെ പിന്തുണക്കുകയും ചെയ്‌വിൻ.

ഒരു സൈക്കിൾ പോലും സ്വന്തമായി ഇല്ലാത്ത പ്രാസംഗികരെയും ശരിയായിട്ടുള്ള മേൽക്കൂരയോ തറയോ ഇല്ലാത്ത ആലയങ്ങളെയും അടുത്ത നേരത്തെ ഭക്ഷണത്തിന് പ്രതീക്ഷയോടെ ദൈവത്തെ നോക്കുന്ന ദൈവദാസന്മാരെയും ബുദ്ധി ഉപയോഗിച്ച് കണ്ടെത്തുക. മറ്റുള്ളവരാൽ നാം വഞ്ചിതരാകരുത്.

ചിലർ തങ്ങളുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് വഞ്ചനാപരമായ പദ്ധതികൾ നടപ്പിലാക്കുന്നു. അവർ വിൽക്കുവാൻ വച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുടെ കൂടെ ദൈവത്തെയും അവന്റെ ശുശ്രൂഷയെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെയുള്ളവരെ തിരിച്ചറിഞ്ഞ് ബുദ്ധിപരമായി പ്രവർത്തിക്കുവിൻ. നിശ്ചയമായും ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കും.

നമ്മുടെ നെഹെമ്യ ബൈബിൾ കോളേജിന്റെ നിലവാരം ഉയർത്തുവാനും കൂടുതൽ പേരെ ശുശ്രൂഷക്കായി ഒരുക്കുവാനും ബാച്ചിലർ ഓഫ് തിയോളജി ഡിഗ്രി കോഴ്സുകൾ ആരംഭിക്കുവാനും ആഗ്രഹിക്കുന്നു. തുടക്കമെന്ന നിലയിൽ BTh ന്റെ ഓൺലൈൻ പ്രോഗ്രാം തുടങ്ങുവാൻ ആഗ്രഹിക്കുന്നു. ഈ വിവരം നിങ്ങളുടെ സഭകളിൽ പങ്കുവയ്ക്കുവാനും നിങ്ങൾക്ക് പരിചയമുള്ളവരിൽ എത്തിക്കുവാനും അനേകം പേർ ഇതിൽ അഡ്മിഷൻ എടുക്കുവാനും സഹായിക്കുവിൻ. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുമായി ബന്ധപ്പെടുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.


ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com


---

*... 1-ാം പേജിന്റെ തുടർച്ച*

ക്ക് മടക്കിക്കൊണ്ടു വരുന്ന ഈ പ്രക്രിയയെയാണ് "ഉണർവ്വ്" എന്നു പറയുന്നത്.

അന്തരിച്ച റവ. എസ്. ദേവദാസന്റെ "ഹെറാൾഡ് ഓഫ് ഹിസ് കമിംഗി"ന്റെ ഫലമാണ് ഞാൻ. ഹെറാൾഡ് ഓഫ് ഹിസ് കമിംഗ് എന്ന പ്രസ്ഥാനത്തിന്റെ കീഴിലൂടെ യാണ് ഞാൻ വളർന്നു വന്നത്. ഉണർവ്വ് എന്നത് പരിശുദ്ധാത്മാവിന്റെ ഫലമാണെന്നോ പരിശുദ്ധാത്മാവിൽ നിന്നു പുറപ്പെടുന്നതാണെന്നോ പറയാം. എവിടെയെല്ലാം പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുവോ അവിടെയെല്ലാം ഉണർവ്വുണ്ടാകുന്നു. ഈ പ്രക്രിയ മാനുഷികമല്ല, ദൈവീകമാണ്. ഭക്തികെട്ട മനുഷ്യരുടെ ഇടയിൽ ഉണർവ്വ് ഉണ്ടാകുകയില്ല.

തളർന്നുപോയ വിശുദ്ധരെ ദൈവത്തിങ്കലേക്ക് ചിറകടിച്ചു കയറാനും ദൈവത്തോടു അടുപ്പിക്കുവാനും ഉണർവ്വിലൂടെ സാധിക്കുന്നു. പിന്നോട്ടു പോയവരെ മുന്നിലേക്കു കൊണ്ടുവരുവാനും സഹായിക്കുന്നു. സമൂഹത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട് എന്നു മനസ്സിലാക്കുവാനും ദൈവരാജ്യത്തെക്കുറിച്ചുള്ള അജ്ഞത മാറ്റുവാനും ഉണർവ്വ് സഹായിക്കുന്നു.

സ്ഫോടനാത്മകമായ ഉണർവ്വിന് സാധാരണ പ്രാർത്ഥന മതിയാകയില്ല, തീഷ്ണവും അസാധാരണവുമായ പ്രാർത്ഥന ആവശ്യമാണ്. ആധുനിക സംഗീതോപകരണങ്ങൾ കൊണ്ടോ കുറെ ശബ്ദങ്ങൾ ഉണ്ടാക്കിയതുകൊണ്ടോ നൂതനമായ നൃത്തങ്ങൾ കൊണ്ടോ യഥാർത്ഥ ഉണർവ്വ് ഉണ്ടാകയില്ല. അത് ഉണ്ടാകുന്നത് നാം മുട്ടുകൾ മടക്കുമ്പോഴാണ്. ചെന്നൈ നഗരം അനേകം പള്ളികളാൽ അനുഗ്രഹീതമാണ്. എന്നാൽ ചില മേഖലകൾ ഇതൊന്നും എത്താതെ കിടക്കുന്നു **വിളിയുടെ പ്രതിധ്വനി**യുടെ മുഖ്യ സഭ ഇരിക്കുന്ന സ്ഥലം അങ്ങനെയൊന്നായിരുന്നു. കർത്താവിന്റെ സുവിശേഷവുമായി ഈ പ്രദേശത്ത് എത്തിച്ചേരുവാൻ കഴിയുകയില്ല എന്ന് ദൈവദാസന്മാർ ഈ സ്ഥലത്തെ വിധിയെഴുതി. സുവിശേഷവുമായി ഈ പ്രദേശത്ത് കടന്നു വരുവാൻ ദൈവം എന്നെ പ്രേരിപ്പിച്ചു. ഇത് പൂർത്തീകരിക്കുവാനായി വളരെയധികം പ്രാർത്ഥനയും കാത്തിരിപ്പും ആവശ്യമായി വന്നു. ഒടുവിലായി കർത്താവ് ഉണർവ്വ് പ്രദാനം ചെയ്തു. നാശത്തിലേക്ക് പോയിക്കൊണ്ടിരുന്ന അനേകം ജനങ്ങൾ അവന്റെ വചനത്തിലൂടെ കർത്താവിനെ

കണ്ടുമുട്ടി. പള്ളി നിലവിൽ വന്നു. അനേകം പേർ പിതാവിന്റെ യും പുത്രന്റെയും പരിശുദ്ധാത്മാവിയെും നാമത്തിൽ സ്നാനമേറ്റു സഭയോടു ചേർന്നു.

ഈ ഉണർവ്വിന്റെ ഫലമായി ഞങ്ങളുടെ പ്രദേശത്തിനടുത്ത് തിന്മകളുടെ ഉറവിടമായിരുന്ന പാരഗൺ, ന്യൂ എൽഫിൻസ്റ്റൺ, വെല്ലിംഗ്ടൺ, സ്റ്റാർ എന്നീ സിനിമാ തിയേറ്ററുകൾ ഇടിച്ചു മാറ്റി പുതിയ കെട്ടിടങ്ങൾ പണിതുയർത്തി. ദുശ്ശീലങ്ങളിലും, അക്രമാസക്തമായ പ്രവൃത്തികളിലും, മയക്കുമരുന്നിനടിമപ്പെട്ട് മ്ലേച്ഛമായ പ്രവൃത്തികളിൽ മുഴുകിയിരുന്ന അനേകം പേർ മാനസാന്തരപ്പെട്ട് ഞങ്ങളുടെ സഭയിൽ ചേർന്ന് ദൈവത്തിനു പ്രീയപ്പെട്ടവരായി അവന്റെ വേല ചെയ്തു ജീവിക്കുന്നു.

ഈ ഉണർവ്വ് താല്ക്കാലികമാണോ, അതോ ശാശ്വതമാണോ, അത് നിലനിൽക്കാൻ എന്താണ് ചെയ്യേണ്ടത് എന്ന് നാം ചിന്തിക്കേണ്ടതാണ്.

ഇങ്ങനെയുള്ള ഉണർവ്വുകൾ സ്കോട്ട്ലന്റിലെയും കൊറിയയിലെയുംപോലെ ഈ ലോകത്തിന്റെ പല ഭാഗത്തായി ഉണ്ടായിട്ടുണ്ട്. സ്കോട്ട്ലാന്റിന്റെ ഉണർവ്വിനായി ജോൺ നോക്സ് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം അവിടെ വലിയ ഉണർവ്വ് അയച്ചു. അതിന്റെ ഫലമായി അനേകം പേർ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. രാഷ്ട്രം പുരോഗമിക്കുകയും സാമ്പത്തിക ഉയർച്ച ഉണ്ടാകുകയും ചെയ്തു. അനേകം സഭകൾ സ്ഥാപിതമായി. എല്ലാ സ്ഥലങ്ങളിലും ഉണർവ്വു യോഗങ്ങളും ആത്മീയ പ്രവർത്തനങ്ങളും നടന്നു. അനേകം യുവതീ യുവാക്കൾ അനുതപിച്ച് യേശുവിലേക്ക് കടന്നുവന്ന്, ആഡംബര ജീവിതം ഉപേക്ഷിച്ച്, ലോകത്തിന്റെ പല ഭാഗങ്ങളിലായി മിഷണറിമാരായി പോയി സുവിശേഷം പ്രസംഗിച്ചു. ഈ കാരണത്താൽ ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങളിൽ നിരവധി പള്ളികളും സ്കൂളുകളും ആശുപത്രികളും സ്ഥാപിതമായി. പക്ഷെ, സ്കോട്ട്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഈ അടുത്ത കാലത്ത് ഞാൻ സ്കോട്ട്ലാന്റിൽ പോയപ്പോൾ ക്രിസ്തുമത വിശ്വാസികളുടെ എണ്ണം വളരെ കുറവാണെന്നറിഞ്ഞ് ഞെട്ടിപ്പോയി. യേശുക്രിസ്തു ഇല്ലാതെയാണ് അനേകർ ജീവിക്കുന്നത്. നല്ല ഉയരത്തിൽ പണിഞ്ഞിരുന്ന പല പള്ളികളും അവിശ്വാസികൾക്ക് വിൽക്കുകയും അവിടെ അന്യമതക്കാരുടെ ആരാധനാസ്ഥലമായും ഹീനമായ വാണിജ്യസ്ഥലമായും, മദ്യശാലകൾ, നൃത്തശാലകൾ, നാടകവേദികൾ, അശ്ലീല സിനിമാ പ്രദർശന കേന്ദ്രങ്ങൾ, പിന്നെ ഇവിടെ രേഖപ്പെടുത്താൻ മടിക്കുന്ന കേന്ദ്രങ്ങൾ എന്നിവക്കായി മാറ്റപ്പെട്ടിരിക്കുന്നു. ഏറ്റവും വലിയ സങ്കടം എന്തെന്നാൽ ഈ കെട്ടിടത്തിൽ ഇപ്പോഴും കുരിശിന്റെ അടയാളം കാണുന്നുണ്ട്.

സ്കോട്ട്ലാന്റിലെ ഒരു വലിയ ഓഡിറ്റോറിയത്തിൽ ജനങ്ങളോട് ദൈവവചനം പങ്കുവയ്ക്കുവാൻ ഒരു ദൈവദാസൻ എന്നെ ക്ഷണിച്ചു. എന്നെ ക്ഷണിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പാസ്റ്റർ, ഇവിടെയിരിക്കുന്നവർക്ക് യേശുക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുമതത്തെക്കുറിച്ചോ അറിയില്ല. നിങ്ങളുടെ സന്ദേശം നമ്മുടെ ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുന്നതാകട്ടെ." നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അടിസ്ഥാന കാര്യങ്ങൾ ഞാൻ അവർക്കു വിശദീകരിച്ചുകൊടുത്തു. പ്രസംഗം കേട്ട് അനേകർ അനുതപിച്ച് കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. അത് ഒരു അത്ഭുതകരമായ കാഴ്ചയായിരുന്നു.

അവരുടെ പിന്മാറ്റത്തിന്റെ കാരണം എന്തായിരുന്നു? അവരുടെ ആദ്യസ്നേഹം നഷ്ടപ്പെട്ടു. ലൗകീക വിദ്യാഭ്യാസം, സാമ്പത്തിക അഭിവൃദ്ധി, ജീവിതത്തിന്റെ സന്തോഷങ്ങൾ, മയക്കുമരുന്ന് മുതലായവ അവരുടെ മനസ്സിനെ മയക്കുകയും പ്രാർത്ഥനാജീവിതം അന്യമായ ഒന്നായി കണക്കാക്കുകയും ചെയ്തു. അവർ തങ്ങളുടെ ജീവിതത്തിൽനിന്ന് വിശുദ്ധിയെയും അകറ്റിക്കളഞ്ഞു.

ഇതിനു വിരുദ്ധമായി കൊറിയ ഉണർവ്വിനു സാക്ഷ്യം വഹിച്ചതു കാണുക.

സാമ്പത്തികവും വിദ്യാഭ്യാസവും സാംസ്കാരികവുമായ കാരണങ്ങളാൽ കൊറിയ തകർന്നപ്പോൾ ദൈവം പോൾ യോങ്ഗിചോ എന്ന മനുഷ്യനെ ഉയർത്തി. ദൈവം അവന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും വലിയ ഉണർവ്വ് ഉണ്ടാകുകയും ചെയ്തു. ഈ ഉണർവ്വിന്റെ ഫലമായി രാഷ്ട്രം സാമ്പത്തികമായും വിദ്യാഭ്യാസപരമായും വൻ ഉയർച്ച പ്രാപിച്ചു. ദൈവജനം മുടങ്ങാതെയുള്ള പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്യുന്നു. പള്ളികളിലെല്ലാം ദിനംതോറും ആരാധനകൾ നടക്കുന്നു. വലിയ പ്രാർത്ഥനാകേന്ദ്രങ്ങൾ പണിയുകയും രാവും പകലും തുടർച്ചയായി പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തുകയും ചെയ്യുന്നു. ഇടതടവില്ലാത്ത പ്രാർത്ഥനയുടെ സൗരഭ്യം സ്വർഗ്ഗകവാടം കടന്ന് പോകുന്നു.

06-ാം പേജിൽ തുടരും...


# नहेम्याह बाइबल कॉलेज
## रेसिडेन्शल कॉलेज, चेन्नई।

माध्यम: हिन्दी

ECHO OF HIS CALL 1963-2013 GOLDEN JUBILEE REACHING NATIONS

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd.: 1969

*सदस्यता के लिए पंजीकृत उम्मीदवार* - ATA

**सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान**

सर्टिफिकेट इन थियोलॉजी – 1 साल

डिप्लोमा ऑफ थियोलॉजी – 2 साल

**योग्यता 10 वी या अधिक**

**जल्दी करें!**

**Contact : The Chairman, Nehemiah Bible College.**

10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org

★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*ഏപ്രിൽ 19* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടയങ്ങിയവർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

*ഏപ്രിൽ 20* ⇨ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിച്ച 16 ഭാഷകളിലെ പ്രസിദ്ധീകരണങ്ങൾ മിഷൻ ഫീൽഡുകളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

*ഏപ്രിൽ 21* ⇨ ആസ്ബറി റിവൈവലിലൂടെ യു.എസ്.എ. യെ അ നുഗ്രഹിച്ചതിനായി.

*ഏപ്രിൽ 22* ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെ ശുശ്രൂഷാസന്ദർശനങ്ങൾ അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 23* ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെ 5 മിനിറ്റ് യുട്യൂബ് സന്ദേശത്തിലൂടെ ഉയർന്നു വന്ന സാക്ഷ്യങ്ങൾക്കായി.

*ഏപ്രിൽ 24* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെയും നെഹെമ്യ ബൈബിൾ കോളേജിന്റെയും പ്രവർത്തനങ്ങൾക്കായി.

*ഏപ്രിൽ 25* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ 10–ാം ക്ലാസ്സ് വിദ്യാർത്ഥികൾ പരീക്ഷ വിജയകരമായി പൂർത്തിയാക്കുവാനായി.

*ഏപ്രിൽ 26* ⇨ യോഗ്യരായ പുതിയ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ ഞങ്ങളുടെ സ്ഥാപനത്തെ അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 27* ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

*ഏപ്രിൽ 28* ⇨ പുതിയ B.Th. ഓൺലൈൻ കോഴ്സ് തുടങ്ങുവാൻ നെഹെമ്യ ബൈബിൾ കോളേജിനെ അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 29* ⇨ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിനെയും തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സിനെയും അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 30* ⇨ ഞങ്ങളുടെ ശുശ്രൂഷാ യാത്രകളെ ദൈവം അനുഗ്രഹിച്ചതിനായി.

*മെയ് 01* ⇨ ഞങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും സുരക്ഷിതരായി ദൈവം കാത്തു സൂക്ഷിക്കുന്നു. അതിനായി.

*മെയ് 02* ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

*മെയ് 03* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ രജത ജൂബിലി ആഘോഷങ്ങൾ അനുഗ്രഹപ്രദമാക്കിത്തന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*മെയ് 04* ⇨ ദീർഘകാലമായി മാരകരോഗങ്ങളുടെ ചികിത്സക്കായി ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കായി.

*മെയ് 05* ⇨ വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിന്റെ പുതിയ വരിക്കാർക്കായി.

*മെയ് 06* ⇨ നമ്മുടെ വടക്കെ ഇന്ത്യയിലെ മിഷണറിമാർക്കും കുടുംബാംഗങ്ങൾക്കുമായി.

*മെയ് 07* ⇨ മിഷണറിമാരുടെയും മിഷണറി സംഘടനകളുടെയും നേരെ ലോകത്തിന്റെ പല ഭാഗങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ അവസാനിക്കുവാൻ.

*മെയ് 08* ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജും കുടുംബവും ദുഷ്ടശക്തികളിൽനിന്നും സുരക്ഷിതരായി ജീവിക്കുവാൻ.

*മെയ് 09* ⇨ 2023 ജൂൺ 03–ാം തീയതി നടക്കാൻ പോകുന്ന നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാന ചടങ്ങുകളുടെ അനുഗ്രഹത്തിനായി.

*മെയ് 10* ⇨ എല്ലാ സഭകളും ആത്മാക്കളെ നേടുവാനും ഉണർവ്വു പ്രാപിക്കുവാനും.

*മെയ് 11* ⇨ ഈ അടുത്ത കാലത്ത് ഉണ്ടായ ഭൂകമ്പത്തെുടർന്ന് ഉണ്ടായ നഷ്ടങ്ങളിൽനിന്ന് തുർക്കിയും സിറിയയും കരകയറുവാനായി.

*മെയ് 12* ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലക്കായും അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായും.

*മെയ് 13* ⇨ നമ്മുടെ സുവിശേഷപ്രവർത്തനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി.

*മെയ് 14* ⇨ 2023 ജൂൺ മൂന്നാം തീയതി നടക്കേണ്ട നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാനചടങ്ങിനായി.

*മെയ് 15* ⇨ ഈ മാസത്തിലെ സകല സാമ്പത്തികമായ ആവശ്യങ്ങൾക്കായി.

*മെയ് 16* ⇨ നെഹെമ്യാ കോളേജിന്റെ B.Th. ഓൺലൈൻ കോഴ്സിൽ അർഹരായ വിദ്യാർത്ഥികൾ ലഭിക്കേണ്ടതിനായി.

*മെയ് 17* ⇨ നമ്മുടെ സ്ഥാപനത്തിലെ ജീവനക്കാർ ഏകമനസ്സോടും ഐക്യത്തോടും പ്രവർത്തിക്കുവാൻ.

*മെയ് 18* ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

... 4-ാം പേജിന്റെ തുടർച്ച

ഇവിടെയുള്ള ദൈവദാസന്മാർക്ക് അവരുടെ ആദ്യസ്നേഹവും പ്രാർത്ഥനയോടുള്ള ദാഹവും അവരുടെ സമർപ്പണവും ഉണർവ്വിനുശേഷമുണ്ടായ ഫലങ്ങളുടെ സ്വാധീനവും നഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല, അതിനെ ഏതെല്ലാം വിധത്തിൽ സംരക്ഷിക്കുവാൻ സാധിക്കുമോ അതൊക്കെയും ചെയ്യുകയും ചെയ്യുന്നു. ഈ കാരണത്താൽ കൊറിയ ഒരു മികവിന്റെ രാഷ്ട്രമായി മാറി. ഞാൻ സംസാരിക്കുന്നത് ദക്ഷിണ കൊറിയയെക്കുറിച്ചാണ്. ഒരു വലിയ കൂട്ടം ദൈവജനങ്ങൾ ഇവിടെ നിന്നും ഉയർന്നുവന്ന് ലോകത്തെ കീഴ്മേൽ മറിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തി ആയിരിക്കയില്ല.

അതിനാൽ, ശക്തമായ ഉണർവ്വ് ഉണ്ടാകണമെങ്കിൽ ആത്മാർത്ഥമായ പശ്ചാത്താപവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്. രാജ്യത്തിൽ ഈ ഉണർവ്വ് നിലനിൽക്കുവാനായി ആത്മാർത്ഥമായും തീഷ്ണമായും പ്രാർത്ഥിക്കുന്ന ഒരു ജനസമൂഹം ആവശ്യമാണ്. നാം തളർന്നുപോയാൽ ഉണർവ്വിന്റെ അഗ്നി അണഞ്ഞുപോകും. യാഗപീഠത്തിലെ തീ കത്തിക്കൊണ്ടിരിക്കട്ടെ.

## യഥാർത്ഥ ഉണർവ്വിന്റെ രണ്ടു വശങ്ങൾ

1. **ദൈവജനങ്ങളുടെ മദ്ധ്യേയുള്ള തത്സമയ ഉണർവ്വ്.**
2. **ദൈവത്തിന്റെ സാന്നിദ്ധ്യം വീണ്ടെടുക്കുക.**

## 1. ദൈവജനങ്ങളുടെ മദ്ധ്യേയുള്ള തത്സമയ ഉണർവ്വ്

തീഷ്ണമായ പ്രാർത്ഥന അമാനുഷികമായ ഉണർവ്വ് കൊണ്ടുവരും. **സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ** എന്ന് പൗലൊസ് അപ്പൊസ്തലൻ റോമർ 12:1,2 ലൂടെ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ഇന്നത്തെ കാലത്ത് പള്ളികളിലും ക്രിസ്തീയ സംഘടനകളിലും അപ്പൊസ്തോലികമായ ആത്മീയ അനുഭവങ്ങൾ നൽകുന്നതിനു പകരം പുതുമയും ആധുനികതയുമാണ് നിലനിൽക്കുന്നത്. ഇന്നത്തെ ഉപവാസ പ്രാർത്ഥനകൾ അത്ഭുതങ്ങൾക്കായുള്ള യോഗങ്ങളായും, രാജ്യങ്ങൾക്കുവേണ്ടിയുള്ള ഉണർവ്വു പ്രാർത്ഥനായോഗങ്ങൾ പണമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഉപാധിയായും മാറിയിരിക്കുന്നു. രാഷ്ട്രത്തിന്റെ വിടുതലിനായി ഭാരത്തോടെ പ്രാർത്ഥിക്കാൻ കടന്നുവരുന്നവർ വിനയത്തോടും തീഷ്ണതയോടും പ്രാർത്ഥിക്കണം. എന്നാൽ മാത്രമേ ദൈവം നിങ്ങളുടെ പ്രാർത്ഥന കേട്ട് മറുപടി തരികയുള്ളു. അക്രമവും അഴിമതിയും ശാപവും പൂർണ്ണമായി തുടച്ചുനീക്കപ്പെടുകയും നമ്മുടെ രാഷ്ട്രത്തിൽ സമാധാനവും സമൃദ്ധിയും കളിയാടുകയും ചെയ്യും.

നമ്മുടെ രാഷ്ട്രങ്ങളിൽ യഥാർത്ഥ ആത്മീയ ഉണർവ്വ് ഉണ്ടാകണമെങ്കിൽ ദൈവമക്കൾ ആദ്യമായി തങ്ങളുടെ ജീവിതം ദൈവഹിതത്തിന് സമർപ്പിക്കുകയും അവരുടെ മനസ്സ് പുതുക്കി രൂപാന്തരപ്പെടുകയും വേണം.

ഇതിനു വിരുദ്ധമായി, പുതിയത് എന്തെങ്കിലും ചെയ്യുക എന്ന ഭാവത്തോടെ ഇന്നത്തെ സഭകൾ തെറ്റായ കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ജനത്തെ കൂട്ടുപിടിച്ച് അത് നേടിയെടുത്ത് അതിനെ ഒരു വലിയ ഉണർവ്വായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ ജീവിതത്തിൽ മാറ്റം സംഭവിക്കുന്നില്ല എങ്കിൽ അവരുടെ പ്രാർത്ഥന, നൃത്തം, സംഗീതം, സമൃദ്ധിയുടെ പ്രസംഗങ്ങൾ, നൂതന ശുശ്രൂഷാ പദ്ധതികൾ എന്നിവയെല്ലാം ഒരു ഫലവും നൽകുന്നില്ല. ഇന്നത്തെ ചില വിശിഷ്ട ദൈവദാസന്മാരുടെ അടുക്കൽ പോകുകയാണെങ്കിൽ അവരുടെ പണത്തോടുള്ള ആർത്തി, അഭിമാനം, സ്വാർത്ഥത തുടങ്ങിയ മോശമായ കാര്യങ്ങളുടെ ദുർഗന്ധം വമിക്കുന്നതു കാണാം. ദൈവരാജ്യത്തിന്റെ വിസ്തൃതി എന്ന കാര്യം മാറ്റിവച്ച് എന്റെ പള്ളി, എന്റെ ശുശ്രൂഷ, എന്റെ മിഷണറിമാർ, എന്റെ പൂന്തോട്ടം, എന്റെ ഗോപുരം എന്നിങ്ങനെ വീമ്പിളക്കുന്നു. ശുശ്രൂഷയുടെ പേരിൽ പണം നേടിയെടുക്കാനായി ഒരു ദൈവദാസൻ ആരെയെങ്കിലും കാണുകയാണെങ്കിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ ബിസിനസ് വ്യാപിപ്പിക്കുവാനായുള്ള ഏകപക്ഷീയമായ പ്രവർത്തനമാണെന്നു മനസ്സിലാക്കണം.

## 2. ദൈവത്തിന്റെ സാന്നിദ്ധ്യം വീണ്ടെടുക്കുക.

കഴിഞ്ഞ മുപ്പതു വർഷത്തെ കാലയളവിൽ അനേകം ദൈവദാസന്മാർ ഉയിർത്തെഴു

0 9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്
ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA
ECHO OF HIS CALL 1969-2019
REACHING NATIONS
Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd. 1969
കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – | 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – | ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – | രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – | ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – | പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | | |
| 08. | ക്രൂസേഡുകൾ | | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – | പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – | ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – | രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – | ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – | ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – | ഞായർ വൈകുന്നേരം 6.00 മണി |
| 17. | പാസ്റ്റർമാരുടെ കൗൺസലിംഗ് | – | ഞായർ വൈകുന്നേരം 4.00 മണി |
| 18. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – | ബുധൻ വൈകുന്നേരം 5.30 മണി |
| 19. | മദ്ധ്യ ആഴ്ച വചന ധ്യാനം | – | ബുധൻ വൈകുന്നേരം 6.30 മണി |
| 20. | പുരുഷന്മാരുടെ യോഗം | – | വെള്ളി വൈകുന്നേരം 7.00 മണി |
| 21. | ശിഷ്യത്വ യോഗം | – | ശനി വൈകുന്നേരം 6.00 മണി |
| 22. | ഭവന കൂട്ടായ്മ | – | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 23. | പ്രത്യേക കർത്തൃമേശ | – | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 24. | സുവിശേഷകരുടെ അവലോകനം | – | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 25. | രക്ഷിതാക്കളുടെ പ്രാർത്ഥന | – | ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 26. | രാത്രി പ്രാർത്ഥന | – | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 27. | ഉപവാസ പ്രാർത്ഥന | – | ആദ്യ ശനി രാവിലെ 9.30 മണി |
| 28. | കർത്തൃമേശ | – | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 29. | പ്രഭാത ധ്യാനം | – | ദിവസവും രാവിലെ 5.00 |
| 30. | ജീവനക്കാരുടെ ധ്യാനം | – | ദിവസവും രാവിലെ 9.00 മണി |
| 31. | ഓഫീസ് | – | രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### ശുശ്രൂഷ, ചെന്നൈ

### ആവശ്യമുണ്ട്

1. **പ്രിൻസിപ്പാൾ**
   നെഹെമ്യ ബൈബിൾ കോളേജ്
   യോഗ്യത : M.Div. (or) M.Th.
2. **കമ്പ്യൂട്ടർ ജീവനക്കാർ**
   കമ്പ്യൂട്ടറും ടൈപ്പ് റൈറ്റിംഗും അറിയാവുന്ന ബിരുദധാരികൾ.

*ബന്ധപ്പെടുവിൻ :*

**Email :sam@echoofhiscall.org**
**WhatsApp : +91-98412 71858**

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)


"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# വിളിയുടെ പ്രതിധ്വനിയുടെ അച്ചടിശാല!

1969-1971 കാലഘട്ടത്തിൽ ഞാൻ ഒരു ചെറുപ്പക്കാരനായിരുന്നപ്പോൾ ദൈവദാസനായ പാസ്റ്റർ എസ്. ദേവദാസന്റെ പ്രസിദ്ധീകരണമായ ഹെറാൾഡ് ഓഫ് ഹിസ് കമിംഗ് എന്ന മാസികയിലും അദ്ദേഹത്തിന്റെ അച്ചടിശാലയിലും ഏറ്റവും ജൂനിയറായ ജോലിക്കാരനായി പ്രവർത്തിച്ചു.

കർത്താവിന്റെ ശുശ്രൂഷയിലെ കഷ്ടതകളെക്കുറിച്ചും നന്മകളെക്കുറിച്ചും കർത്താവിനെ സേവിക്കേണ്ട രീതികളെക്കുറിച്ചും അദ്ദേഹം എന്നെ പഠിപ്പിച്ചു. ഔദ്യോഗികവും ഭരണപരമായ കാര്യങ്ങളെക്കുറിച്ചും എനിക്കു പറഞ്ഞുതന്നു. അവരുടെ ആഡിറ്ററായ ശ്രീ. വേദമണിയുടെ കീഴിൽ അക്കൗണ്ടിംഗിലും പരിശീലനം തന്നു.

അക്കാലത്ത് പാസ്റ്റർ ഒരു പുതിയ അച്ചടി യന്ത്രം വാങ്ങി. പ്രസ്സിൽ ശ്രീ. രാജ് എന്ന ഒരു ജീവനക്കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളു. കൈ കൊണ്ടു പ്രവർത്തിപ്പിക്കാവുന്ന മെഷീനായിരുന്നു അത്. അതിന്റെ പിടി ഒരു പ്രാവശ്യം കറക്കുമ്പോൾ ഒരു കോപ്പി അച്ചടിക്കുമായിരുന്നു.




*കൈ കൊണ്ടു പ്രവർത്തിപ്പിക്കുന്ന അച്ചടി യന്ത്രം*

കടുത്ത ജോലിയാണെങ്കിലും ഞാൻ സന്തോഷത്തോടെ അതിന്റെ പിടി കറക്കുമായിരുന്നു. മാസിക മുഴുവനായി അച്ചടിക്കാൻ അതിന്റെ പിടി 50,000 പ്രാവശ്യം കറക്കണമായിരുന്നു. ഓരോ പ്രാവശ്യം കറക്കുമ്പോഴും "ദൈവത്തിനു സ്തുതി" എന്ന് ഞാൻ പറയുമായിരുന്നു. അങ്ങനെ ഞാൻ "ദൈവത്തിനു സ്തുതി" എന്ന് 50,000 പ്രാവശ്യം പറയുമായിരുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് ആ പണി ചെയ്യുന്നത് എന്റെ പാസ്റ്റർ സന്തോഷത്തോടെ നോക്കിക്കൊണ്ടിരിക്കുമായിരുന്നു.


അദ്ദേഹം എന്നെ പാളയംകോട്ടയിലെ "ന്യൂ ലൈഫ്" എന്ന ഓഫീസിൽ കൊണ്ടുപോയി അവിടത്തെ പഴയ അച്ചടി യന്ത്രത്തിൽ മാസിക അച്ചടിക്കുന്നതു കാണിച്ചു തന്നു. അവിടെ അച്ചടിക്കുന്ന പേപ്പറുകൾ അവിടത്തെ ജീവനക്കാർ മടക്കി മാസികയുടെ രൂപത്തിൽ ആക്കുന്നതു ഞാൻ കണ്ടു. ആ മാസികകൾ കെട്ടു ചെയ്ത്, എണ്ണി, കെട്ടുകളാക്കി പോസ്റ്റ് ഓഫീസിലേക്ക് കൊണ്ടുപോയി. ആ അച്ചടി പ്രവൃത്തി കണ്ടപ്പോൾ എനിക്കും അതു പോലെയുള്ള ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹം ഉണ്ടായി. അപ്പോൾ മുതൽ സുവിശേഷ അച്ചടിശാല എന്ന ആശയം എന്റെ ഉള്ളിൽ രൂപപ്പെട്ടു. ഞാൻ പലരോടും അതിന്റെ വിശദാംശങ്ങൾ ചോദിച്ചു മനസ്സിലാക്കി.

ഒരിക്കൽ 100 ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങൾ നിരത്തി വച്ചിരിക്കുന്ന സ്ഥലത്ത് പോകുവാൻ അവസരം ലഭിച്ചു. അത് ഒരു ദൈവദാസന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു. അദ്ദേഹത്തോട് ഞാൻ ഒരു യന്ത്രത്തിന്റെ വില ചോദിച്ചു. "ഇത് വലിയ പണക്കാർക്കു മാത്രമേ വാങ്ങാൻ കഴിയുകയുള്ളു. അഥവാ ആരെങ്കിലും ഇത് സംഭാവന ചെയ്താലും അത് നിലനിറുത്തിക്കൊണ്ടുപോകാൻ നിങ്ങൾക്കു കഴിയുകയില്ല" എന്ന് അദ്ദേഹം പറഞ്ഞു. അതു കേട്ട് എന്റെ ഹൃദയം തകർന്നുപോയി. ഞാൻ നേരെ എന്റെ സ്ഥലത്തുപോയി മുട്ടിന്മേൽ നിന്ന് ഞങ്ങളുടെ ഈ സംസാരം ദൈവത്തോട് അറിയിച്ചു.




കർത്താവ് എന്റെ പ്രാർത്ഥന കേട്ടു. ദൈവം എനിക്ക് ഒരു പഴയ അച്ചടിയന്ത്രം തന്നു. ഈ രീതിയിലുള്ള യന്ത്രം ദക്ഷിണാഫ്രിക്കയിലെ ബ്ലോംഫോന്റേൻ എന്ന സ്ഥലത്തുള്ള മ്യൂസിയത്തിൽ മാത്രമാണ് ഇതുപോലെയുള്ള ഒരു യന്ത്രം ഉണ്ടായിരുന്നത്. അത്തരത്തിലുള്ള പുരാതനമായ യന്ത്രമാണ് ദൈവം എനിക്കു നൽകിയത്. ചെന്നൈയിലെ വാഷർമെന്റ്പെട്ട് എന്ന സ്ഥലത്തുള്ള ബ്രദർ സുന്ദരത്തിന്റെ വകയായിരുന്നു ഇത്. അദ്ദേഹത്തിന് അത് ഉപയോഗിക്കാൻ കഴിയാതെ വന്നതിനാൽ കുറഞ്ഞ വിലയ്ക്ക് അത് എനിക്കു തന്നു.

പിന്നീട് സുവിശേഷ അച്ചടിശാല മെച്ചപ്പെടുത്താനും വികസിപ്പിക്കുവാനും ദൈവം കൃപ ചെയ്തു. വിളിയുടെ പ്രതിധ്വനിയുടെ പതി




***ഇപ്പോഴത്തെ ഓട്ടോമാറ്റിക്ക് ഓഫ്സെറ്റ് അച്ചടി യന്ത്രം***

നാറു ഭാഷകളിലെ മാസികയും അച്ചടിക്കുവാനായി ദൈവം ആട്ടോമാറ്റിക് ഓഫ്സെറ്റ് അച്ചടിയന്ത്രം തന്നു. പല ഭാഷകളിലുള്ള ആത്മീയ പുസ്തകങ്ങളും ഞങ്ങൾ ഈ അച്ചടിശാലയിൽ അച്ചടിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ സൗജന്യമായി എത്തിച്ചു നൽകുന്നു.

ഈ സ്ഥാനത്ത് എത്തുവാനായി ദുഷ്കരമായ അനേകം വഴികളിലൂടെ എനിക്കു സഞ്ചരിക്കേണ്ടി വന്നു. നിങ്ങൾക്കു തന്ന ശുശ്രൂഷയെ പൂർത്തീകരിക്കുവാൻ യേശുകർത്താവ് നിങ്ങളെ സഹായിക്കും. നിങ്ങൾക്കു നിരാശപ്പെടേണ്ടി വരികയില്ല.

**ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല** (1 കൊരിന്ത്യർ 2:9). ***

*... 6-ാം പേജിന്റെ തുടർച്ച*

ന്നേറ്റിട്ടുണ്ട്. അതുപോലെ ശുശ്രൂഷാ മന്ത്രാലയങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷെ നല്ല ഉദ്ദേശ്യങ്ങൾ വളർത്തിയെടുക്കുന്നതിനു പകരം ആശയക്കുഴപ്പങ്ങളും മോശമായ ചിന്തകളും വർദ്ധിച്ചു. ഒരു പ്രത്യേക വിഷയത്തിനായി പ്രാർത്ഥിക്കാൻ വർഷങ്ങളായി മുന്നോട്ടു വരുന്ന വ്യക്തികൾ സഭകളിലും സമൂഹങ്ങളിലും ഉണ്ട്. ആത്മീയമായ സംതൃപ്തി ലഭിക്കാതെ പള്ളികളിൽ നിന്നും പള്ളികളിലേക്ക് ചില മനുഷ്യർ ഓടി നടക്കുന്നു. ലോകരാഷ്ട്രീയത്തെ തന്നെ മാറ്റിമറിക്കാൻ കഴിവുണ്ടായിരുന്ന സഭകൾ ഇന്ന് അതിന്റെ മുമ്പിൽ വിറയ്ക്കുന്നു.

ദൈവദാസന്മാരുടെ ശക്തമായ പ്രസംഗത്താൽ ജനങ്ങളുടെ ജീവിതങ്ങളിൽ മാറ്റം ഉണ്ടാകണമെന്നും സാത്താനെ തുരത്തണമെന്നുമുള്ളത് ദൈവത്തിന്റെ ഹിതമാണ്. എന്നാൽ ശുശ്രൂഷയുടെ മഹത്വം നിറം കുറഞ്ഞതെന്തുകൊണ്ട്? ദൈവം തന്റെ സാന്നിദ്ധ്യം മാറ്റിക്കളഞ്ഞു എന്നത് ഒരു സത്യമാണ്.

അതുകൊണ്ട് ദൈവീക സാന്നിദ്ധ്യം നമുക്ക് നഷ്ടമായത് എങ്ങനെയാന്നെും ഏതു സാഹചര്യത്തിലാണ് അപ്പൊസ്ത അഭിഷേകം നമ്മിൽ നിന്നും എടുത്തു കളഞ്ഞതെന്നും ആത്മപരിശോധന നടത്തേണ്ടത് ആവശ്യമാണ്. പ്രാർത്ഥനയുടെ ചൈതന്യവും യാചനയുടെ ആത്മാവും പള്ളികളിലും കുടുംബങ്ങളിലും പകരണം. ഇത് പകരുമ്പോൾ ജനങ്ങൾ ഉണർവ്വിനായി നിലവിളിക്കും. നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരം അവരെ വേദനിപ്പിക്കുകയും ഏതു ത്യാഗവും ചെയ്യാനായി മുന്നോട്ടു വരാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യും.

ഇപ്പോൾ നാം ഒരു ഉണർവ്വിനു സാക്ഷ്യം വഹിക്കേണ്ട സമയമാണ്. ഈ ലോകത്തിൽ, ഈ കാലഘട്ടത്തിൽ നമ്മെ ജീവനോടെ നിലനിറുത്തിയിരിക്കുന്നതിന്റെ കാരണവും ഇതു തന്നെയാണ്. നിർജ്ജീവമായ എല്ലാ പ്രവൃത്തികളും സ്വാർത്ഥ ലാഭത്തിനുവേണ്ടിയുള്ള എല്ലാ ശുശ്രൂഷകളും എറിഞ്ഞുകളഞ്ഞ് കർത്താവിന്റെ സന്നിധിയിലേക്ക് അടുത്തു വരികയും, ഭാരത്തോടെ, ഉണർവ്വിന്റെ മഹത്തായ വിളവെടുപ്പിനായി പ്രാർത്ഥിക്കുകയും ചെയ്‌വിൻ. നിങ്ങളുടെ പാദങ്ങൾ പ്രവർത്തനസജ്ജമാക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

***************

**സങ്കീർത്തനങ്ങൾ 121:7,8**

യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും, അവൻ നിന്റെ പ്രാണനെ പരിപാലിക്കും. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും.

## പ്രത്യേക പ്രാർത്ഥനാ അപേക്ഷകൾ

1. നമ്മുടെ സീനിയർ പാസ്റ്ററുടെ കുടുംബം നേരിടുന്ന പ്രശ്നങ്ങളിൽ നിന്നുള്ള വിടുതൽ കർത്താവിൽ നിന്നും ലഭിക്കുവാനായി.

2. **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട് മാറുവാനായി.

3. ദൈവത്തെ സേവിക്കുവാനുള്ള ദർശനം ജനങ്ങൾക്കു ദൈവം നൽകണം. ഞങ്ങളുടെ ചെന്നൈ ഓഫീസ്, വില്ലേജ് ഹൈസ്കൂൾ, ബൈബിൾ കോളേജുകൾ, സുവിശേഷ അച്ചടിശാല, പള്ളികൾ, കൂടാതെ മിഷൻ ഫീൽഡുകൾ എന്നിവിടങ്ങളിലേക്ക് സമർപ്പണ ബോധമുള്ള ജീവനക്കാരെ ആവശ്യമുണ്ട്.

4. ദൈവത്തിന്റെ ശുശ്രൂഷയെ തടസ്സപ്പെടുത്തുന്ന എല്ലാ ജനങ്ങളും അനുതപിക്കണം.

5. എല്ലാ സുഖസൗകര്യങ്ങളും അനുഭവിക്കുന്ന പാസ്റ്റർമാർ സ്വന്തം വികസനത്തെക്കുറിച്ചു മാത്രം ചിന്തിക്കാതെ അവരുടെ സമ്പത്ത് ഉപയോഗിച്ച് പള്ളികൾ ഇല്ലാത്ത ഗ്രാമങ്ങളിൽ പള്ളികൾ നിർമ്മിക്കാൻ ശ്രമിക്കണം. "അനേകം മഹാന്മാരായ ദൈവദാസന്മാരുടെ കരങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന പണം പ്രയോജനപ്രദമായി ഉപയോഗിച്ചാൽ ഇന്ത്യയിലെ പള്ളികൾ ഇല്ലാത്ത ഗ്രാമങ്ങളിലെല്ലാം ഒന്നോ അതിലധികമോ പള്ളികൾ പണിയാൻ സാധിക്കും" എന്ന് പ്രശസ്തനായ ഒരു ദൈവദാസൻ പറഞ്ഞിട്ടുണ്ട്. ഇത് മനസ്സിൽ വയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്‌വിൻ.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 5th APRIL, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**